**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 415** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ മാറ്റം വിശദമാക്കാമോ; | (ബി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാനും ചെലവിന്റെ ഗുണമേന്മ ഉയർത്തുവാനും സാധിച്ചു. തത്ഫലമായി സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിലും വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തുവാൻ സാധിച്ചു. |

<table>
<tr><td>(സി)</td><td>കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിവിധ കുടിശികകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;</td><td>(സി)</td><td>കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട കുടിശികകളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :-<br><br><u>15-ാം ധനകാര്യ കമ്മീഷൻ അവാർഡ്</u><br><br>
<table>
<tr><th rowspan="2">ഇനം</th><th colspan="2">ലഭിക്കാനുള്ളത്<br>(തുക കോടിയിൽ)</th></tr>
<tr><th>2021-22</th><th>2022-23<br>(നാളിതുവരെ)</th></tr>
<tr><td>Health Sector Grant</td><td>37.55</td><td>558.98</td></tr>
<tr><td>ULB Grant</td><td>--</td><td>543.4</td></tr>
<tr><td>SDRF</td><td>--</td><td>132</td></tr>
<tr><td>SDMF</td><td>--</td><td>66</td></tr>
<tr><td>ആകെ</td><td>37.55</td><td>1300.38</td></tr>
</table>
<br>ഇത് കൂടാതെ ചരക്ക് സേവന നികുതി നഷ്ടപരിഹാര കുടിശിക വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും.</td></tr>
<tr><td>(ഡി)</td><td>സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;</td><td>(ഡി)</td><td>സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>സാമ്പത്തിക മാന്ദ്യം നേരിടുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?</td><td>(ഇ)</td><td>സാധാരണ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിച്ച് സാമ്പത്തിക മാന്ദ്യം അതിജീവിക്കാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ജനങ്ങളുടെ കൈകളിൽ പണം എത്തിക്കുന്നതിന് ഉതകുന്ന വലിയൊരു വിഭാഗം ജനസമൂഹത്തെ cover ചെയ്യുന്ന സാമൂഹ്യ</td></tr>
</table>

| | | | |
|---|---|---|---|
| | | | സുരക്ഷാ പെൻഷൻ അടക്കമുള്ള Direct Beneficiary Transfer സ്കീമുകൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ